ശ്രീ. സി. അച്യുതമേനോൻ : ലോറിമുട്ടി മരിച്ചതാണെന്നറിയാം; അതിനു് കേസു രജിസ്റ്റർ ചെയ്യു. അതു് അന്വേഷണത്തിൽ ഇരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജു് : ആ കേസിന്റെ നിയമപരമായ സാങ്കേതികവശങ്ങൾ എന്തായിരുന്നാലും, ഒരു തൊഴിലാളി ഇങ്ങനെ മരിക്കാൻ ഇടയായതിനെ പരിഗണിച്ചു് ഗവണ്മെന്റു് ആ കുടുംബത്തിനു് എന്തെങ്കിലും കാമ്പൻസേഷൻ കൊടുക്കാൻ ആലോചിക്കുമോ, അങ്ങനെ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല; കേസിന്റെ തീരുമാനത്തിനു ശേഷമേ സാധിക്കൂ.

ശ്രീ. പി. ടി. ചാക്കോ : മുട്ടിച്ച ലോറിയിൽ, ഒരു സംഘം ആളുകൾ ഒരു ജാഥയായി സഞ്ചരിച്ചിരുന്നതാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ : സർ, പോയിന്റു് ഓഫ് ഓർഡർ. മുട്ടിച്ച ലോറിയിൽ എന്ന ചോദ്യം അനുവദിക്കാമോ ?

ശ്രീ. പി. ടി. ചാക്കോ : മുട്ടിയ ലോറിയിൽ എന്നു തിരുത്തും.

**Mr. Speaker :** All these points are for consideration in a court of law.

ശ്രീ. പി. ടി. ചാക്കോ : ആളുകളെ ലോറിയിൽ കയറ്റി യാത്ര ചെയ്യരുതെന്നു നിയമം ഉണ്ടായിരിക്കേ അങ്ങനെയൊരു കേസു രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ആ സംഭവത്തെ സംബന്ധിച്ചു് ഒരു കേസു രജിസ്റ്റർ ചെയ്തിട്ടുണ്ടു് ?

ശ്രീ. പി. ടി. ചാക്കോ : ലോറികളിൽ ആളുകൾകയറ്റി യാത്ര ചെയ്യുന്നതു് ഈ രാജ്യത്തു നിയമവിരുദ്ധമാണു്. അങ്ങനെ യാത്രചെയ്തതിനെ സംബന്ധിച്ചു് കേസു് എടുത്തിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ യാത്ര ചെയ്തിട്ടുണ്ടെങ്കിൽ പെർമിറ്റു വാങ്ങിച്ചിരിക്കും.

ശ്രീ. പി. ടി. ചാക്കോ : പെർമിറ്റു വാങ്ങിയാണു് അന്നു യാത്ര ചെയ്തതെന്നു മന്ത്രിക്കു് അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെയായിരിക്കണം. അല്ലെങ്കിൽ കേസെടുത്തിരിക്കും.

ശ്രീ. പി. ടി. ചാക്കോ : കമ്മ്യൂണിസ്റ്റു പാർട്ടി ജാഥകൾക്കു വേറെ ക്കണക്കിനു് ആളുകളെ ലോറിയിൽക്കയറ്റിക്കൊണ്ടുവരുന്നതു് ആരുടെയും അനുവാദം വാങ്ങിച്ചിട്ടല്ലെന്നറിയാമോ ?

**Mr. Speaker :** That question does not arise.

## നേഴ്സറി സ്കൂളുകൾ.

* 1440. [24] ശ്രീ. പി. രാമുണ്ണിക്കറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ കഴിഞ്ഞ 2 കൊല്ലങ്ങളിൽ എത്ര നഴ്സറി സ്കൂളുകൾ തുറന്നിട്ടുണ്ടു് ;

(ബി) ഇനിയും തുറക്കാനാലോചനയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നേഴ്സറിസ്കൂളുകൾ തുറക്കാനും അംഗീകരിക്കാനും അപേക്ഷകൾ ക്ഷണിച്ചിരുന്നുവോ ;

(ഡി) അപേക്ഷാഫാറങ്ങളോടൊപ്പം 10 രൂപ്പികയും കെട്ടിവച്ചിരുന്നുവോ ;

(ഇ) ഇങ്ങനെ എത്ര രൂപ വരവുണ്ടായിട്ടുണ്ട് ;

(എഫ്) സംഖ്യ മടക്കിക്കൊടുക്കാനാലോചനയുണ്ടോ ?

മി. സ്പീക്കർ : (ഡി) മുതലുള്ളതിനു് ഉത്തരംപറഞ്ഞാൽ മതി. മറ്റുള്ളതിനു് മുമ്പു പല തവണ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(ഡി) വച്ചിരുന്നു.

(ഇ) 1600 രൂപാ.

(എഫ്) ഇപ്പോൾ ആലോചനയില്ല.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : അപേക്ഷകരും അയച്ചവർക്കാർക്കെങ്കിലും അംഗീകാരം കൊടുത്തിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ലെന്നാണു് തോന്നുന്നതു്. എട്ടു സ്കൂളുകൾക്കു മാത്രമേ അംഗീകാരവും ഗ്രാന്റും കൊടുത്തിട്ടുള്ളൂ. അതിനശേഷം കിട്ടിയിട്ടുള്ള അപേക്ഷയനുസരിച്ചു് ഗ്രാന്റുകൊടുക്കാൻ നിവൃത്തിയില്ലെന്നു തീരുമാനിച്ചിട്ടുണ്ടു്. റെക്കഗ്നിഷൻ കൊടുക്കണമെന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നുണ്ടു്.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഇത്രനേഴ്സറിസ്കൂളുകൾ തുറക്കണമെന്നു് കേന്ദ്രത്തിൽ നിന്നും നിർദ്ദേശം തന്നിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ നിർദ്ദേശം ഒന്നുമില്ല. പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണു് ഇതു്.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : സെൻട്രൽ ഗവണ്മെന്റു് ഇതിലേയ്ക്കു് ഒരു സംഖ്യ അലോട്ടു ചെയ്തിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : എഡ്യൂക്കേഷൻ പ്ലാനിൽ ഉൾപ്പെട്ടുന്ന അനവധി ഇനങ്ങളും ഉണ്ടു്. ചില ഇനങ്ങളും നടന്നുവരുന്നുണ്ടു്. ചില ഇനങ്ങളും തൽക്കാലം നീട്ടിവച്ചിട്ടുണ്ടു്. അതിലൊന്നാണിതു്.

ശ്രീ. കെ. എം. ജോർജ്ജു് : പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള വയസ്സു് ഉയർത്തിയിരിക്കുന്നതുകൊണ്ടു് കൂടുതൽ നേഴ്സറിസ്കൂളുകളും ആവശ്യമാണെന്നു വിചാരിക്കുന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വയസ്സു് ഉയർത്തുന്നതിനു് മുമ്പും അങ്ങനെ വേണമെന്ന അഭിപ്രായം ഉണ്ടായിരുന്നു. പ്രതികൂലസാഹചര്യംകൊണ്ടു് രാജ്യവ്യാപകമായി തുടങ്ങിയില്ലെന്നു മാത്രമേയുള്ളൂ.

ശ്രീ കെ. ഇച്ചരൻ : നേഴ്സറിസ്കൂളുകളിൽ ഹരിജനക്കുട്ടികളെ ചേർക്കുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്രൈവറ്റായി നടത്തുന്ന നഴ്സറിസ്കൂളുകളിൽ കുട്ടികളിൽനിന്നും ഫീസ് പിരിക്കുകയും മറ്റും ചെയ്യുന്നുണ്ടു്. അതിനു് സാധ്യതയില്ലാത്ത കുട്ടികൾക്കു് അവിടെ ചേരാൻ സാധിക്കുകയില്ല. ഗവണ്മെൻറു് ഗ്രാന്റു കൊടുക്കുന്ന സ്കൂളുകളിൽ അഡ്മിറ്റു ചെയ്യുന്നില്ലെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ.ചാത്തൻ : പാലക്കാട്ട് നെഴ്സറിസ്കൂളിൽ ഫീസ് കൊടുക്കാമെന്നു പറഞ്ഞിട്ടും ചേർത്തിട്ടില്ല. അതു ഗ്രാന്റുള്ള സ്കൂളാണ്.

മി. സ്പീക്കർ : അതു അന്വേഷിക്കാമെന്നു പറഞ്ഞു.

ശ്രീമതി കുസുമം ജോസഫ് : സ്കൂളുകൾക്കു അംഗീകാരം കൊടുക്കണമോ എന്നു തീരുമാനിക്കുന്നതിനു മുമ്പു എന്തിനാണ് അപേക്ഷകരെ ക്ഷണിച്ചതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അപേക്ഷ ക്ഷണിച്ചതുകൊണ്ടു എല്ലാവർക്കും അംഗീകാരം കൊടുത്തുകൊള്ളണമെന്നില്ല. കണ്ടിഷൻ സാറ്റിസ്ഫൈ ചെയ്യുന്നുണ്ടോ എന്നു നോക്കിയായിരിക്കും അംഗീകാരം കൊടുക്കുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ ഗവണ്മെന്റിന്റെ സാമ്പത്തിക നില നന്നാക്കാൻ കുറെയധികം ഉദ്യോഗങ്ങൾക്കു് ഫീസ് നിശ്ചയിച്ചു് അപേക്ഷകരെ ക്ഷണിക്കുമോ ?

**Mr. Speaker :** That question need not be answered.

ശ്രീ. പി. ടി. ചാക്കോ : മന്ത്രി പറഞ്ഞതിൽനിന്നും ഇത്രവണ അപേക്ഷിച്ച ഒരു സ്കൂളും കണ്ടിഷൻ സാറ്റിസ്ഫൈ ചെയ്യുന്നില്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അപേക്ഷകരെ പരിശോധിച്ചു് കണ്ടിഷൻ സാറ്റിസ്ഫൈ ചെയ്യുന്നതു് അംഗീകരിക്കാൻ ഡിപ്പാർട്ടുമെന്റു് ആലോചിക്കയാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എൻ. ഇ. എസ്സു്. ബ്ലോക്കുകളിൽ ബ്ലാക്കധികൃതരുടെ നേതൃത്വത്തിൽ ചില സ്കൂളുകൾ തുറന്നിട്ടുള്ളതിനു് ഗ്രാന്റു കൊടുക്കുന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ആ സ്കൂളുകൾക്കു ബ്ലാക്കിൽനിന്നും ഗ്രാന്റു കിട്ടുന്നുണ്ടായിരിക്കും. ഡിപ്പാർട്ടുമെന്റിൽനിന്നും കൊടുക്കുന്നില്ല.

## സംസ്കൃതം പഠിപ്പിച്ചുവരുന്ന ഹൈസ്കൂളുകൾ.

* 1441. [25] ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ എത്ര ഹൈസ്കൂളുകളിൽ സംസ്കൃതം പഠിപ്പിച്ചുവരുന്നുണ്ടു് ;

(ബി) സംസ്കൃത ക്ലാസ്സുകൾ ഏർപ്പെടുത്തിയ ചില സ്കൂളുകളിൽ സംസ്കൃതം പഠിപ്പിക്കുവാൻ യോഗ്യതയുള്ള അദ്ധ്യാപകന്മാരില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഇതിനെക്കുറിച്ചു് ഒരന്വേഷണം നടത്തി അടിയന്തിര നടപടി സ്വീകരിക്കുവാൻ ഗവണ്മെന്റു് മുതിരുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ. സി), ഇതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിവരുന്നേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly